"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള അക്കൗണ്ട്സ് അസിസ്റ്റന്റ്, MTS എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.300/2025/WCDD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. 14.07.2022 തീയതിയിലെ D.No.WW-23/1/2021/WW നമ്പർ കേന്ദ്ര സർക്കാർ കത്ത്.
2. സ.ഉ.(സാധാ)നം.492/2022/WCDD തീയതി.10.11.2022.
3. സ.ഉ.(സാധാ)നം.562/2022/WCDD തീയതി.26.12.2022.
4. വനിതശിശു വികസന ഡയറക്ടറുടെ 21.02.2025-ലെ DWCD/1070/2025-WEC4 നമ്പർ കത്ത്.

**ഉത്തരവ്**

സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതി നടപ്പാക്കുന്നതിന് നിർദേശം നൽകി പരാമർശം (1) പ്രകാരം മാർഗനിർദ്ദേശം പുറപ്പെടുവിക്കുകയും അപ്രകാരം മിഷൻ ശക്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനു അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി മിഷൻ ശക്തി പദ്ധതിയിലെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ നടപ്പാക്കുന്നതിന് അനുമതി നല്കി പരാമർശം (3) പ്രകാരം ഉത്തരവാകുകയും ടി ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കേന്ദ്ര സർക്കാർ മാർഗനിർദേശത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലും വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സ്റ്റേറ്റ് ഹബ് ഫോർ

എംപവർമെന്റ് ഓഫ് വിമണിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള അക്കൗണ്ട്സ് അസിസ്റ്റന്റ് ആയ ശ്രീ.ആദർശ്.എസ്, MTS ആയ ശ്രീമതി. സൗമ്യ.എസ് എന്നിവരുടെ കരാർ കാലയളവ് യഥാക്രമം 22.05.2025, 01.04.2025 തീയതികളിൽ 2 വർഷം പൂർത്തിയാവുകയാണെന്നും ടി ജീവനക്കാരുടെ സേവനം തൃപ്തികരമായതിനാലും ടി ജീവനക്കാർ തുടരേണ്ടത് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായതിനാലും സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും പട്ടിക ലഭ്യമാക്കി കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ടി വ്യക്തികളുടെ കരാർ കാലയളവ് യഥാക്രമം 24.05.2025 മുതൽ 23.05.2026 വരെയും 03.04.2025 മുതൽ 02.04.2026 വരെയും കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള അക്കൗണ്ട്സ് അസിസ്റ്റന്റ് ആയ ശ്രീ. ആദർശ്.എസ്, MTS ആയ ശ്രീമതി. സൗമ്യ.എസ് എന്നിവരുടെ കരാർ കാലാവധി യഥാക്രമം ആയത് അവസാനിക്കുന്ന 22.05.2025, 01.04.2025 തീയതികൾ കഴിഞ്ഞു ഒരു ദിവസത്തെ ബ്രേക്ക് നൽകി തൊട്ടടുത്ത പ്രവർത്തി ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് (അക്കൗണ്ട്സ് അസിസ്റ്റന്റ് ആയ ശ്രീ. ആദർശ്.എസ് ന്റെ കരാർ കാലാവധി 24.05.2025 മുതൽ 23.05.2026 വരെയും MTS ആയ ശ്രീമതി. സൗമ്യ.എസ് ന്റെ കരാർ കാലാവധി 03.04.2025 മുതൽ 02.04.2026 വരെയും) കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/77/2025-Fin) (e-3116160)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sithara Vijayan

Date: 26-06-2025 16:49:57

സെക്ഷൻ ഓഫീസർ